**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5672** **08-11-2021 - ൽ മറുപടിയ്ക്ക്**

**പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പല മേഖലകളിലായി 66 വർക്കിംഗ് ഗ്രൂപ്പുകളും 118 സബ് ഗ്രൂപ്പുകളും രൂപീകരിക്കുകയും അവ ചർച്ചകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്. ഓരോ മേഖലകളിലും വൈദഗ്ധ്യം തെളിയിച്ച വ്യക്തികളും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും അടങ്ങുന്നതാണ് ഓരോ കർമ്മസമിതിയും. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് സഹായകരമായ ക്രിയാത്മക നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി ലഭ്യമാക്കും. പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സമീപന രേഖ തയ്യാറാക്കുന്നതിനും പദ്ധതി രൂപീകരണത്തിനും പ്രത്യേകമായി കർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; കർമ്മ സമിതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പല മേഖലകളിലായി 66 വർക്കിംഗ് ഗ്രൂപ്പുകളും 118 സബ് ഗ്രൂപ്പുകളും രൂപീകരിക്കുകയും അവ ചർച്ചകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്. ഓരോ മേഖലകളിലും വൈദഗ്ധ്യം തെളിയിച്ച വ്യക്തികളും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും അടങ്ങുന്നതാണ് ഓരോ കർമ്മസമിതിയും. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് സഹായകരമായ ക്രിയാത്മക നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി ലഭ്യമാക്കും. പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | കേന്ദ്രം പഞ്ചവത്സര പദ്ധതി അവസാനിപ്പിച്ചതും കേന്ദ്രാവിഷ്കൃത പദ്ധതി ചുരുക്കിയതും വിഹിത | (സി) | കേന്ദ്രം പ്ലാനിംഗ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചതോടെ പഞ്ചവത്സര പദ്ധതി |

| | | | |
|---|---|---|---|
| | അനുപാതം മാറ്റിയതും സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ആഘാതം സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് മറികടക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച ബദൽ മാതൃക വിശദമാക്കാമോ? | | രൂപീകരണം നിർത്തലാക്കി. എന്നാൽ കേരളത്തിൽ പഞ്ചവത്സര പദ്ധതികൾ തുടർന്നു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനർരൂപീ കരിച്ചതോടൊപ്പം, അവയുടെ ധനവിഹിത ഘടനയിലും വ്യത്യാസം ഉണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതഘടനയിലുണ്ടായ മാറ്റം സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തിന് ആഘാതം സൃഷ്ടിച്ചു. 2016-17 മുതൽ കേരളത്തിന് പദ്ധതി ചെലവിന്റെ വലിയൊരു വിഹിതം വഹിക്കേണ്ടി വരുന്നു. ഇതിന് മുൻപ് ഈ പദ്ധതികൾക്കെല്ലാം 90%, 80%, 75% എന്നിങ്ങനെ കേന്ദ്ര സഹായം ലഭിച്ചിരുന്നു. സംസ്ഥാനത്തിന് ഇതിന് ആനുപാതികമായി 10%, 20%, 25% എന്നിങ്ങനെ മാത്രമേ പണം വകയിരുത്തേണ്ടി വന്നിരുന്നുള്ളൂ. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിത അനുപാതത്തിൽ മാറ്റം വരുത്തിയതിന്റെ ഭാഗമായി ശരാശരി 40 ശതമാനം വിഹിതം സംസ്ഥാനത്തിന് വകയിരുത്തേണ്ടി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം 60 ശതമാനത്തിൽ നിന്ന് 75 ശതമാനമായി പുനസ്ഥാപിക്കണമെന്ന് 2021 ഫെബ്രുവരി 21 ന് നടന്ന നീതി ആയോഗിന്റെ ആറാമത് ഗവേർണിംഗ് കൗൺസിൽ യോഗത്തിൽ ബഹു. മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ